(ബി) അപേക്ഷിക്കുന്ന രോഗികൾക്കുള്ള ധനസഹായം ചുരുങ്ങിയത് 7 (ഏഴ്) ദിവസത്തിനകം കൊടുക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) മാറാരോഗങ്ങൾ കാരണം നിരാലംബരായ രോഗികൾക്ക് ജീവിത നിവൃത്തിക്കുവേണ്ടി എന്തെങ്കിലും സഹായം കൊടുക്കാൻ പദ്ധതിയുണ്ടോ ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി)* :

(എ) അപേക്ഷകരുടെ എണ്ണം കൂടുതലായതിനാലും ഫണ്ടിന്റെ അപര്യാപ്തതമൂലവും ധനസഹായത്തിന്റെ പരിധി ഉയർത്തുവാൻ നിർവ്വാഹമില്ല.

(ബി) ധനസഹായം കാലതാമസം കൂടാതെ നൽകുന്നുണ്ട്.

(സി) ക്ഷയരോഗികൾക്ക് പ്രതിമാസം 50-രൂപ വീതവും കുഷ്ഠരോഗികൾക്കും, കാൻസർ രോഗികൾക്കും പ്രതിമാസം 200-രൂപ വീതവും ഇപ്പോൾ കൊടുക്കുന്നുണ്ട്. മറ്റു രോഗികളുടെ കാര്യമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സൗജന്യ ചികിത്സയും വിലകൂടിയ മരുന്നുകളും ലഭ്യമാക്കാൻ നടപടി

*12 [640] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :*
,, വി. ചെന്താമരാക്ഷൻ :
,, ടി. കെ. ബാലൻ :
,, ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ രോഗികൾക്ക് സൗജന്യ ചികിത്സ ലഭിക്കുന്നുണ്ടോ ;

(ബി) സൗജന്യ ചികിത്സ ലഭിക്കുന്നതിന് രോഗികൾക്ക് വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വരുമാനപരിധി എത്രയാണ് ;

(സി) ഈ പരിധികവിഞ്ഞ വരുമാനമുള്ള രോഗികളിൽ നിന്നും ഫീസ് ഈടാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സ നൽകിയിരുന്ന രീതിയിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ ;

(എഫ്) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രോഗനിർണ്ണയത്തിനും മറ്റുമായി നിശ്ചയിച്ചിട്ടുള്ള ഫീസ്/ചാർജ്ജ് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) വിലകൂടിയ മരുന്നുകൾ പാവപ്പെട്ട രോഗികൾക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)* :

(എ) ഉണ്ട്.

(ബി) ഉണ്ട്. പ്രതിമാസം 1500 രൂപവരെ വരുമാനമുള്ളവർക്ക് ആശുപത്രികളിൽ സൗജന്യ ചികിത്സ ലഭ്യമാണ്.

(സി) സർക്കാർ ഉത്തരവ് നമ്പർ ജി. ഒ. (പി) നമ്പർ 27/94/ആകുവ. തീയതി 8-2-1994 പ്രകാരമുള്ള നിരക്കനുസരിച്ച് 1500 രൂപയിൽ കൂടുതൽ വരുമാനമുള്ള രോഗികളിൽനിന്ന് ഫീസ് ഈടാക്കുന്നുണ്ട്. എന്നാൽ 11-4-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 83/94 ആകുവ. പ്രകാരം അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികളിൽനിന്നും വരുമാനപരിധി നോക്കാതെ സൗജന്യ ചികിത്സ നൽകുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

(എഫ്) 9-10-2001-ലെ ജി. ഒ. (പി) നമ്പർ 251/01/ആകുവ. പ്രകാരം സർക്കാർ ആശുപത്രികളിൽ ലഭിക്കുന്ന ചികിത്സാചെലവുകളുടെ നിരക്കുകൾ വർദ്ധിപ്പിച്ചിരുന്നു. എന്നാൽ 22-5-2002-ലെ ജി. ഒ. (പി) നമ്പർ 115/02/ആകുവ. പ്രകാരം ചികിത്സാഫീസ് നിരക്ക് വർദ്ധനവ് പിൻവലിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(ജി) സെൻട്രൽ പർച്ചേസ്കമ്മിറ്റി അംഗീകരിച്ച മരുന്നുകളുടെ ലിസ്റ്റിൽ ഒട്ടുമിക്ക വിലകൂടിയ അവശ്യ മരുന്നുകളും മറ്റു ജീവൻരക്ഷാ മരുന്നുകളും ഉൾപ്പെടുന്നുണ്ട്. ആന്റി ക്യാൻസർ ഡ്രഗ്സ്, എന്റോക്രൈയിൻ ഡ്രഗ്സ്, കാർഡിയോ വാസ്കുലാർ ഡ്രഗ്സ്, സൈക്കോട്രോപ്പിക് ഡ്രഗ്സ്, ആന്റി റ്റ്യൂബർക്യുലോസിസ് ഡ്രഗ്സ്, ആന്റി റിട്രോവൈറൽ ഡ്രഗ്സ് (എയിഡ്സിനെതിരെ), ആന്റി പാർക്കിംഗ്സോണിയൻ ഡ്രഗ്സ്, ഇമ്മ്യൂണോ സപ്രസീവ് ഡ്രഗ്സ് തുടങ്ങിയ വിലകൂടിയ ന്യൂതന മരുന്നുകൾ, ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ജീവൻരക്ഷാ മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

പെൺവാണിഭ സംഘങ്ങളുടെ പ്രവർത്തനം

*13 [641] *ശ്രീ. സ്വാജു പോൾ* :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പെൺവാണിഭ സംഘങ്ങളുടെ പ്രവർത്തനം വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly